**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1940** **13-02-2025 - ൽ മറുപടിയ്ക്ക്**

**പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ വിദ്യാർത്ഥി മരണപ്പെട്ട സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ നടന്ന റാഗിംഗിനോടനുബന്ധിച്ച് വിദ്യാർത്ഥി ജെ.എസ്. സിദ്ധാർത്ഥ് മരണപ്പെട്ടതിനെ തുടർന്ന് സർവകലാശാലാ ചാൻസലറായ ബഹു. ഗവർണർ നിയമിച്ച റിട്ട. ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിലുള്ള അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ നടന്ന റാഗിംഗിനോട നുബന്ധിച്ച് വിദ്യാർത്ഥി ജെ.എസ്. സിദ്ധാർത്ഥ് മരണപ്പെട്ടതിനെ തുടർന്ന് സർവകലാശാലാ ചാൻസലറായ ബഹു. ഗവർണർ നിയമിച്ച റിട്ട. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് (റിട്ട:) എ. ഹരിപ്രസാദ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഭിപ്രായം തയ്യാറാക്കുന്നതിന് 24.09.2024 തീയതിയിൽ സർവകലാശാലയുടെ മാനേജ്മെൻറ് കൗൺസിലിന്റെ വിശേഷാൽ യോഗം വിളിച്ചു ചേർത്ത് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.<br><br>പ്രസ്തുത വിഷയത്തിൽ വീഴ്ച ഉണ്ടായതായും എൻക്വയറി റിപ്പോർട്ടിൽ പരാമർശിച്ച ഡീൻ, അസിസ്റ്റന്റ് വാർഡൻ എന്നിവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും , വൈസ് ചാൻസലർ നിർദ്ദേശിച്ചു. കൂടാതെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള WP(C) 33291/2024 -ന്റെ വിഷയമായി നിലനില്ക്കുന്നതിനാൽ, നിലവിൽ തീരുമാന ങ്ങൾ എടുക്കുന്നതിന് പരിമിതികളുണ്ടെന്ന് മാനേജ്മെന്റ് കൗൺസിൽ ഭൂരിപക്ഷ അഭിപ്രായത്തിൽ തീരുമാനമെടുത്തു. നിർദിഷ്ട അച്ചടക്ക നടപടിയിലെ തീരുമാനം ബാധകമാകുമെന്ന വ്യവസ്ഥയിൽ പൂക്കോട് വെറ്ററിനറി കോളേജ് ഡീനും, ഹോസ്റ്റൽ വാർഡനുമായ ഡോ. എം.കെ.നാരായണന്റെ സസ്പെൻഷൻ പിൻവലിക്കുന്നതിനും തിരുവാഴാംകുന്ന് സി.എ.എസ്.എം. കോളേ ജിലേക്ക് സ്ഥലം മാറ്റം നടത്തി ഡീൻ തസ്തികയിൽ നിയമിക്കാനും തീരുമാനിച്ചു. നിർദ്ദിഷ്ട അച്ചടക്ക നടപടിയിലെ തീരുമാനം ബാധകമാകുമെന്ന വ്യവസ്ഥയിൽ. പൂക്കോട് വെറ്ററിനറി കോളേജിലെ അസിസ്റ്റൻറ് പ്രൊഫസറും, ഹോസ്റ്റൽ അസിസ്റ്റൻറ് വാർഡനുമായ ഡോ. ആർ. കാന്തനാഥന്റെ |

| | | | |
|---|---|---|---|
| | | | സസ്പെൻഷൻ പിൻവലിച്ച് തിരുവാഴാംകുന്ന് സി.എ.എസ് എം. കോളേജിലേക്ക് സ്ഥലം മാറ്റം നടത്തി നിയമിക്കാനും തീരുമാനി ച്ചിരുന്നു.എന്നാൽ കൗൺസിൽ തീരുമാന ത്തിനനുസൃതമായ നടപടികൾ താത്കാലി കമായി നിറുത്തിവക്കുന്നതിന് ബഹു ചാൻസിലർ നിർദേശം നൽകിയിരുന്നു. |
| (ബി) | ശിക്ഷാ നടപടികളുടെ ഭാഗമായി പ്രാഥമിക അന്വേഷണത്തിൽ ആരുടെയെങ്കിലും പേരിൽ ഇതിനോടകം നടപടി കൈകൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല ആന്റി റാഗിങ് കമ്മിറ്റിയുടെ അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ വിദ്യാർത്ഥികൾ ക്കെതിരെ സ്വീകരിച്ച ശിക്ഷാ നടപടികൾ സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ വ്യവഹാരങ്ങൾ നടന്നു വരുന്നു.അന്വേഷണ വിധേയമായി സസ്പെൻ ഷനിലായ പൂക്കോട് കോളേജ് ഡീനും വാർഡനുമായിരുന്ന ഡോ.എം.കെ നാരായണൻ, അസിസ്റ്റന്റ് വാർഡനായിരുന്ന ഡോ.ആർ.കാന്തനാഥൻ എന്നിവ രുടെ കാര്യത്തിലുള്ള നടപടികൾക്ക് ബഹു ചാൻസിലറിന്റെ നിർദ്ദേശം ആവശ്യമാണ്. കൂടാതെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യപ്പെട്ട വൈസ് ചാൻസലർ ഡോ. എം. ആർ. ശശീന്ദ്രനാഥിന് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ ബഹു. ചാൻസലർ ഹിയറിംഗ് അനുവദിച്ചിരുന്നു. ഇക്കാര്യത്തിലും നിർദേശങ്ങളോ ഉത്തരവു കളോ സർക്കാരിന് ലഭിച്ചിട്ടില്ല. |
| (സി) | സിദ്ധാർത്ഥിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകണമെന്ന് ദേശീയ-സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകൾ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (സി) | വിദ്യാർത്ഥിയായിരുന്ന സിദ്ധാർഥൻ ജെ എസിന്റെ മരണവുമായി ബന്ധപ്പെട്ട് കുടുംബത്തിന് നഷ്ട പരിഹാരതുക അനുവദിക്കുന്നത് സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ നിന്നും ഷോ കോസ് നോട്ടിസ് ലഭിച്ചിരുന്നു.പ്രസ്തുത വിഷയത്തിൻമേൽ വിദഗ് ദോപദേശം ലഭ്യമാക്കുന്നതിലേക്കായി അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ചു തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ